# ഉറുമി തേടിയ ചേകവർ

ജോസ് പുന്നൂസ്

ചീരക്കാടൻ ചാത്തുണ്ണി- അന്ന് ആ പേര് കേട്ട ദിവസം ചന്തുച്ചേകവർ ഉറങ്ങിയില്ല. കവലയ്ക്കൽ വൈദ്യരുടെ തഴമ്പിച്ച വിരലുകളുടെ തലോടലും, കായകാതങ്ങൾ കണ്ട കാല്പാദങ്ങളുടെ ചവിട്ടു തിരുമ്മലും, ഞവരക്കിഴിപ്രയോഗവും, തക്രധാരയുടെ കുളിർമ്മയും, രാമച്ചജലധാരയുമെല്ലാം മാസപേശികളെ ഉറക്കിയെങ്കിലും മനസ്സിനെ ഉറക്കിയില്ല. ഉറങ്ങാത്ത മനസ്സോ, മാംസപേശികളെ ഉണർത്തി, തളർത്തി.

പത്തുകൊല്ലം മുമ്പ് അതേ വീട്ടിലെ മറ്റൊരുപേര് -ചീരക്കാടൻ കുഞ്ഞിക്കണ്ണൻ- ചന്തുവിന്റെ ഉറക്കം കെടുത്തിയിരുന്നു. പക്ഷെ, അന്ന് അത് ആവേശം കൊണ്ടുള്ള ഉറക്ക നഷ്ടമായിരുന്നു. അങ്കപ്പുറപ്പാടിനുള്ള ആവേശം; കന്നിയങ്കത്തിന്റെ ആവേശം; ചീരക്കാട് ചോരക്കാടാക്കാനുള്ള അവേശം.

ചീരക്കാടൻ ചാത്തുണ്ണി അച്ഛനേക്കാൾ കെങ്കേമനാണെന്നാണ് കേൾവി. പോരെങ്കിൽ പ്രതികാരത്തിന്റെ ചൊരുക്കും, യുവത്വത്തിന്റെ തിളപ്പും, മെയ്‌വഴക്കത്തിന്റെ കുതിപ്പും. ശത്രു കന്നിക്കാരനായതുകൊണ്ട് അവന്റെ ശക്തിയും ദൗർബല്യവും അധികം ആർക്കും അറിയില്ലായിരുന്നു. ഇടംകൈയ്യനോ, വലംകൈയ്യനോ, അതികായനോ, കൃശഗാത്രനോ, മർമ്മവീരനോ, ധർമ്മവീരനോ? ചന്തുവിന്റെ വിദ്യകളാവട്ടെ, എല്ലാവർക്കും മനഃപാഠവും. മെയ്പയറ്റും, കോൽപയറ്റും, ഗജവടിവും, കുക്കുടവടിവും, ചവിട്ടിപൊങ്ങലും, പകർച്ചക്കാലുമെല്ലാം നാണുപ്പാണർ പാടിപ്പാടി നാടോടി നടുവൊടിഞ്ഞതാണ്.

പന്തീരണ്ട് കളരിക്കാശാനായിരുന്നു ചന്തുച്ചേകവർ. എട്ടുദിക്കും ഞെട്ടവെ ഏഴങ്കം ജയിച്ച യുവചേകവർ. പന്തിരണ്ടങ്കം പതവി തീർത്തു. പതിനെട്ടങ്കം താരി താഴ്ലി. ഓതിരവീരൻ. കടകവികടൻ. മർമ്മവും കർമ്മവും അറിഞ്ഞ് പയറ്റിയ ചേകവർ; കന്നിയങ്കം രണ്ട് നിമിഷം കൊണ്ട് ജയിച്ച യുവചേകവർ. രണ്ട് നാഴികനേരം അങ്കം വെട്ടി മാലോകരെ മുഴുവൻ കോട്ടുവാ ഇടീച്ച്, മുറുക്കാൻ ചെല്ലം കാലിയാക്കി മാറ്റാനെ മരണാസന്നനാക്കുന്ന ചേകവരായിരുന്നില്ല ചന്തുചേകവർ. മാറ്റാന്റെ അങ്കക്കച്ച ഉടയാൻ അനുവദിക്കാതെ നിണമണിയിച്ച് നിശ്ചലമാക്കിയ ചേകവർ.

അങ്കത്തുടക്കത്തിലെ ആർപ്പുവിളികളും കുരവകളും മുഴങ്ങും മുമ്പെ, പുലർച്ചെ വാഴനാരിൽ കെട്ടിയ കുരുത്തോലക്കിടയിലുള്ള ചെമ്പരത്തിപ്പൂക്കൾ വാടുംമുമ്പെ, വാഴുന്നോർ മുറുക്കാൻ ചെല്ലം മടിയിൽ വെയ്ക്കുംമുമ്പെ, കതിനാവെടികളുടെ പുക ആകാശത്ത് അലിയുംമുമ്പെ, അതിന്റെ ധ്വനിയിൽ കാക്കകൂട്ടം മറയുംമുമ്പെ, ശത്രുവിനെ വീരചരമം പ്രാപിപ്പിച്ചിരുന്നു ചന്തു. അങ്ങനെ വീണുകിട്ടിയ പേരാണ് ' മിന്നൽ'.

ചീരക്കാട്ടിലെ കുഞ്ഞിക്കണ്ണന്റെ തലവെട്ടിയായിരുന്നു ചന്തു കന്നിയങ്കം ജയിച്ചത്. ചേവായൂരെ ചേക്കുട്ടിയുടെ ചോര കാലവർഷത്തിന്റെ കന്നിമഴയിൽ അങ്കത്തട്ടിൽ അലിയിച്ചപ്പോൾ തുലാത്തിലെ മിന്നൽ പിണർപോലെ പ്രശസ്തി നാടെങ്ങും പരന്നു. ആ ഗർജ്ജനത്തിന് മാറ്റൊലിയല്ലാതെ മറുപടി ഒന്നും കേട്ടില്ല. ചാലപ്പുറത്തും മലപ്പുറത്തും, ചാരക്കുന്നിലും ചരൽക്കുണ്ടിലും, ആറ്റും മണമ്മേലും അരിങ്ങോരുടെയങ്ങേലും ആ മാറ്റൊലികേട്ടു. തുടർന്ന് വിജയഭേരിയുടെ ഒരു ശീവേലിയായിരുന്നു. ചന്തുച്ചേകവർ അങ്കത്തട്ടിലെത്തുമ്പോൾ നാടുവാഴിപോലും എണീറ്റാചാരം ചെയ്യും. അങ്ങാടിയിലൂടെ ഉലാത്തുമ്പോൾ ഉറഞ്ഞ് തുള്ളിയ കോമരം പോലും ഉറച്ചശിലയായി. വാണിയപുരത്തെ ദേവദാസിത്തെരുവിലെത്തിയപ്പോൾ ചെമ്പഴുക്കാച്ചുണ്ടുകൾ, ചുംബിച്ച് പൂജിച്ച് അകത്തേയ്ക്കാനയിച്ചു. ചന്തുച്ചേകവരുടെ കളരിപ്പടിയ്ക്കൽ ദക്ഷിണയുമേന്തി ശിഷ്യരാകാനെക്കൊണ്ട് ഒരു നൂറ് കൂട്ടം! അതിനെ വരിയിലാക്കാനെക്കൊണ്ട് പാറാവ് കൂട്ടം പത്ത്!!

ചിങ്ങമാസത്തിലെ കൊയ്ത്തുപാട്ടുകളിൽ ചേകവരുടെ മെയ്‌വടിവും കരവിരുതും തുടുത്തുനിന്നു. കരക്കാറ്റിൽ കരുവാളിച്ച കറ്റമെതിയ്ക്കാരും തെക്കൻകാറ്റിൽ തളർന്ന പതിരുപേറ്റുന്നോരും ഉശിര് ലഭിക്കാനെക്കൊണ്ട് അത് ഏറ്റുപാടി. സ്വീകരണ സദസ്സുകളിലെ ധൂമപടലം ചന്തുവിനെ തിമിരനാക്കി; ജയഭേരികളുടെ അട്ടഹാസം ബധിരനും. ചന്തുച്ചേകവരുടെ വാളിന് ഒടുങ്ങാത്ത ദാഹവും ഭണ്ഡാരത്തിന് കുംഭകർണ്ണന്റെ വിശപ്പും മസ്തിഷ്കത്തിന് മദയാനയുടെ ഹുങ്കും. അല്ലെങ്കിൽ അയ്യായിരം അങ്കപ്പണവുമായെത്തിയ നാട്ടുപ്രമാണി കണാരനെ അപമാനിച്ചയക്കുമൊ? പതിനായിരത്തിൽ കുറഞ്ഞ അങ്കപ്പണം സ്വീകരിക്കില്ലപോലും. നാട്ടിലെ ഏറ്റവും ധനികനായ കണാരന്റെ വീടും പറമ്പും വിറ്റാൽ കിട്ടില്ല പതിനായിരം പണം. കാണം വിറ്റ് കാര്യം കാണാനുള്ള കയ്പ്പ് കണാരനൊട്ടില്ലതാനും. പതിനായിരം പണം!! അങ്കത്തട്ടിൽ അജയ്യനായ ഒതേനക്കുറുപ്പുപോലും കാണാത്ത കിഴിക്കിലുക്കം.

അന്നുതുടങ്ങിയതാണ് ചന്തുച്ചേകവരുടെ അധഃപതനം. പതിനായിരം പണത്തിന്റെ കഥ നാടെങ്ങും പാട്ടായി. കോലത്തിരിയിലും കോഴിക്കോട്ടും, പാനൂരും പഴയെന്നൂരും, കോലോത്തും പരലോകത്തും; പതിനായിരം കെട്ടിവെയ്ക്കാൻ അവിടെയും ആളില്ലായിരുന്നു. ചന്തുച്ചേകവരാകട്ടെ അങ്കപ്പണമൊട്ടു കുറയ്ക്കുകയുമില്ല. അങ്ങനെ അങ്കവും കിട്ടാതായി. അന്നന്നു വെട്ടുന്ന വാളിനെ നെയ്യിടു. അങ്കത്തട്ടിലേറാത്ത ചേകവരുടെ മെയ്‌വഴക്കം കുറഞ്ഞു. തലക്കനം മൂത്ത ചേകവരുടെ ശിഷ്യഗണവും ശോഷിച്ചു.

" അത് അങ്കക്കളരിയല്ല, അഹങ്കാരക്കളരിയാണ്, ചേകവരുടെ അഹം കണ്ണ് തുറന്ന് പോയി. ഇനി അകക്കണ്ണ് തുറക്കില്ല."- മലോകർ പിറുപിറുത്തു.

" ആയോധനകലയുടെ ആഴങ്ങൾ തേടിപ്പോയ ചേകവരെത്തിയത് അഹങ്കാരത്തിന്റെ പാതാളത്തിലാണ്. ചന്തുച്ചേകവർ ഉടവാൾ കുഴിത്തോണ്ടിയാക്കി; പാതാളത്തിലേയ്ക്കുള്ള കുഴിത്തോണ്ടി."

" ഹും. ചേകവർ ഒതേനനെ കവച്ചു വച്ചെങ്കിലെ അത് പൊയ്ത്തിലല്ല..പെൺവേട്ടയിലാണ്"- മാലോകർ ചിരിച്ച് പരിഹസിച്ചു.

നട്ടുച്ചയ്ക്ക് അസ്തമിച്ച സൂര്യനെപ്പോലെയായി ചന്തുച്ചേകവർ. അതൊരു നൈമിഷിക സൂര്യഗ്രഹണം മാത്രമാണെന്ന് നാണുപാണർ. പക്ഷെ, പാണരുടെ നൈമിഷികത്തിന്റെ നീളം നാല് കൊല്ലമായി. നാണുപാണനാരുടെ കഞ്ഞിയാണ് ചന്തുച്ചേകവരുടെ വീരഗാഥകൾ. അങ്കമുണ്ടെങ്കിലല്ലെ വീരചരിതമുള്ളു. വീരചരിതമുണ്ടെങ്കിലല്ലെ ഗാഥയുള്ളു. ഗാഥയുണ്ടെങ്കിലല്ലെ പാണരുള്ളു. നാലുകൊല്ലമായി പാണരുടെ ഗാഥകൾക്ക് ഉശിരില്ല, ഉടുക്കിന് മിടുക്കില്ല; ഒഴിഞ്ഞ വയറിന്റെ വേദനയെ ഉള്ളു.

അങ്ങനെയിരിക്കെ നാദാപുരത്തെ കാളച്ചന്തദിവസം പാണര് നാട്ടുകൂട്ടത്തെ ഗ്രഹണം മാറിയ വിവരം അറിയിച്ചു. ചന്തുവിന്റെ പുതിയ അങ്കത്തെക്കുറിച്ച്! അങ്കപ്പണം പതിനായിരം പൊൻപണം!! നഗരിതലയ്ക്കൽ തട്ടിന്റെ പണി ആരംഭിച്ചിരിയ്ക്കുന്നു. അങ്കം കുറിയ്ക്കാൻ ധൈര്യമുള്ളവനുണ്ടോ? ജനിച്ചിട്ടുണ്ടെങ്കിൽ, അടിമുന്നോട്ട് വെയ്യ്, കുറിമുന്നോട്ട് വെയ്യ്, വാള് മുന്നോട്ട് വെയ്യ്. അപ്പോൾ ഒരാൾ വെല്ലുവിളിച്ചെത്തി. ചീരക്കാടൻ ചാത്തുണ്ണി. ചീരക്കാട്ട് കുഞ്ഞിക്കണ്ണന്റെ മകൻ. അതെ; ചന്തുവിന്റെ പുത്തരിയങ്കത്തിലെ ഹതഭാഗ്യൻ, അച്ഛന്റെ ചോരയ്ക്ക് പകരം ചോദിയ്ക്കാനായി. അപ്പോൾ കുഞ്ഞിക്കണ്ണന്റെ മകന്റെ മടിശ്ശീല വീർപ്പിക്കാൻ മറ്റൊരാളെത്തി- കാണാരൻ - അതേ, അന്ന് അയ്യായിരം പണവുമായെത്തി അപമാനിക്കപ്പെട്ട അതേ കണാരൻ. കാണം വിറ്റ് കാര്യം കാണാനും കയ്പ്പ് നുണയാനും കണാരൻ തയ്യാർ. അങ്കം ജയിച്ചാൽ പതിനായിരത്തൊന്ന് സ്വർണ്ണം!! ഇപ്പോൾ മിന്നൽ പിണഞ്ഞത് ചന്തുവിന്റെ അടിവയറ്റിലായിരുന്നു. ശത്രുക്കൾ അന്യോന്യം തിരഞ്ഞു പിടിച്ച് ഒരേ കൂടാരത്തിൽ തമ്പടിക്കുകയാണ്. ആ കൂടാരത്തിലിടം ഇനിയുമുണ്ട്, ഒളിഞ്ഞും തെളിഞ്ഞും ഏറാൻ ഇനിയും ആളേറെയുണ്ട്.

"ഉറുമി തേടിപ്പോകാം"
പാണരുടെ വാക്കുകൾ കേട്ട് ഞെട്ടി ചന്തുച്ചേകവർ തിരിഞ്ഞു നോക്കി.
"എന്താ, ചേകവർക്ക് അതിനുള്ള ധൈര്യമുണ്ടോ?"

പാണരുടെ ചോദ്യം ഒരു പ്രകോപനമായിരുന്നു. സ്വന്തം മരണമെഴുതിയ ഉറുമി

വാങ്ങിവെയ്ക്കുക. ചേകവർക്ക് മാത്രമുള്ള ഒരു കർമ്മവരമായിരുന്നു അത്. ചേകവന്റെ ചോര കളരിക്കകത്തെ കുരുതിക്കളത്തിൽ കുതിരാതെ, അങ്കത്തട്ടിലെ തളത്തിൽ പൊടിയാതെ, മാറ്റാന്റെ ഒളിയമ്പിന് ഇരയാകാതെ, സ്വന്തം കൈകൊണ്ട് മരണം വരിയ്ക്കാനുള്ള സ്വാതന്ത്ര്യം. അഗസ്ത്യമുനി സ്ഥാപിച്ചുകൊടുത്ത ആ വരം- മരണവരം.

നാഡിജ്യോത്സ്യമുൾക്കൊള്ളുന്ന എഴുത്തോലക്കൂട്ടങ്ങളിൽ ഭാവിവചനം അഗസ്ത്യമുനി നാരായംകൊണ്ട് കുറിച്ചപ്പോൾ ചേകവക്കൂട്ടത്തിന്റെ നാളയെ ഉറുമിയിൽ കുറിച്ചു. എന്നിട്ട് അഗസ്ത്യ കൂടത്തിന്റെ താഴ്‌വരയിലെ ഒരു കൊല്ലക്കൂട്ടത്തെ ഏൽപ്പിച്ചു ആ ഉറുമിക്കൂട്ടം. ലോകമുള്ള കാലത്തോളം സ്വന്തം മരണമെഴുതിയ ഉറുമി ചോദിച്ചെത്തുന്ന ചേകവന് നൽകാൻ.

അന്നുമുതൽ മരണഭയമുള്ള ചേകവൻമാർ അവിടെ രഹസ്യമായി എത്തിതുടങ്ങി, രാത്രിയാമങ്ങളുടെ തീവെട്ടി വെട്ടത്തിൽ, കൊല്ലക്കുടിയിൽ, തന്റെ മരണം കുറിച്ച ആ ഉറുമി വാങ്ങാൻ. അവിടെയെത്തുന്ന ഏതൊരു ആവശ്യക്കാരന്റെയും ഉറുമി, അവന്റെ മരണമെഴുതിയ ഉറുമിവാൾ, അവനെക്കാത്ത് അവിടെ ഉണ്ടാവും. ആ ആയുധത്തിനുമാത്രമെ അവന്റെ മരണം കുറിയ്ക്കാനാവു. മറ്റൊരു ഉറുമിയ്ക്കോ, വാളിനൊ, ചുരികയ്ക്കോ, മുള്ളിനൊ അത് കൈമുതലായുള്ള ചേകവനെ മരണപ്പെടുത്താൻ കഴിയുകയില്ല. അതായിരുന്നു മഹർഷിവര്യന്റെ ഉറുമിയുടെ വരം.

കളരികളിലെ ശിക്ഷണത്തിനിടയിൽ, ഒഴിവുവേളകളിൽ, വിയർപ്പുമാറ്റി, കിതപ്പുമാറ്റി, കുരുമുളകും നെയ്യും ചേർത്ത് തിളപ്പിച്ചാറ്റിയ വെള്ളം മോന്താനിരിയ്ക്കുന്ന വേളകളിൽ കളരിമൂലകളിൽ ശിഷ്യഗണങ്ങൾ അടക്കത്തിൽ വാഗ്‌വാദത്തിലേർപ്പെട്ടിരുന്നു - അഗസ്ത്യ വര്യന്റെ മരണവരത്തെച്ചൊല്ലി, ആയോധനകലകളിൽ തുടങ്ങി താത്വികത്തിലെത്തുന്ന അടക്ക വാഗ്വാദങ്ങൾ.

"ഭീരുക്കളാണ് ഉറുമിതേടിപ്പോകുന്നത്. ഭീരുക്കളുടെ പരിചയാണ് ആ ഉറുമിക്കൂട്ടം. സ്വന്തം കഴിവ് ചാതുര്യത്തിലോ, മെയ്‌വഴക്കത്തിലോ. അഭ്യാസത്തിലോ, കരളുറപ്പിലോ, ചങ്കുറപ്പിലോ ശിക്ഷണപ്പെടുത്താതെ മുനിവര്യന്റെ പ്രവചനക്കരുത്തിന്റെ മൂർച്ചയ്ക്ക് അടിമപ്പെടുന്നത് ഭീരുത്വമാണ്," ഒരു ശിഷ്യൻ അഭിപ്രായപ്പെട്ടു.

"ങ്ഹാ ഉറുമി തേടിപ്പോടാ! ഓന്റെ പേരിലൊന്ന് എഴുതിവച്ചുകാണും.
തുരുമ്പെടുക്കും മുമ്പെ അതെടുത്തിട്ടുവാടാ'

കളരികളിൽ തോറ്റ് തൊപ്പിയിട്ട കിടാങ്ങളോട് ഗുരുക്കൾ പരിഹസിച്ച് പറഞ്ഞിരുന്ന വാക്കുകൾ. കളരിക്കളങ്ങളിലെ വാളിട്ടോടികളെ പറഞ്ഞ് കളിയാക്കിയിരുന്ന അപഹാസ്യപദങ്ങൾ.

പക്ഷേ, ആ ഉറുമി തേടിപ്പോകാനും വേണം ഒരു ധൈര്യം. സ്വന്തം മരണത്തെ മടിയിലൊതുക്കി കൂടെ കൊണ്ടുനടക്കാനുള്ള ധൈര്യം.

ചേകവർ ഇതികർത്തവ്യമൂഢനായി. ചീരക്കാടൻ ചോരക്കാട്ടിൽ ഒരു തലയറുത്ത് വാളിലും ചിലങ്കയിലും അരപ്പട്ടയിലും പതിനായിരത്തൊരു പൊൻ പണംകെട്ടി വെളിച്ചപ്പാട് കണക്കെ കിലുതുള്ളുന്ന ആ ദൃശ്യം. ഒരു തലയില്ലാ പ്രേതം ചുടയിലേറ്റി കണാരനും കൂട്ടരും വെള്ളുക്കുവോളം നാടാകെ നഗരികാണിയ്ക്കുന്ന ആ സ്വപ്നം. "അഷ്ടമവ്യാഴവും ശനിപ്പിഴയും, ശനിപ്പിഴ അപഹാരി," കവടി നിരത്തി കണക്ക് കൂട്ടി കണിയാര് പറഞ്ഞ കാര്യം.

ചീരക്കാടൻ ചാത്തുണ്ണി. പ്രതികാരഉലയിൽ കാച്ചിയെടുത്ത ഒരു വാളുമായി നിൽക്കുന്നു, ഒരു നാളും ആറാത്തവാൾ; ആ വാളിന് രാകി മൂർച്ചയേകാൻ കൊല്ലനല്ലാത്ത കണാരനും. ആ വാൾ അവൻ ചുഴറ്റുമ്പോൾ, അത് വാർത്ത ഉലയിലെ കറുത്ത പുക ഉയരും, പടരും - അത് അങ്കത്തട്ടിൽ ആരെ അന്ധനാക്കും?

"ഉറുമി തേടിപ്പോകാം," പാണര് വീണ്ടും മൊഴിഞ്ഞു. ചന്തു ഇമവെട്ടാതെ പാണരെ തുറിച്ചു നോക്കി. ചന്തുവിന്റെ ഗരുഡദൃഷ്ടി പാണര് ഒരു ചെറുപുഞ്ചിരികൊണ്ട് തടുത്തു.

"തേടിയെത്താനെക്കൊണ്ടാണ് ഉറുമി ഉണ്ടാക്കിയിരിയ്ക്കുന്നത്. ഉടയോനെ കാത്ത് ആ ഉറുമി

മുറുമ്മുന്നുണ്ടാവും. കെട്ടഴിക്കാനെക്കൊണ്ട് പിണയുന്നുണ്ടാവും. ഇണങ്ങിയാലവൻ പിണങ്ങില്ല. ഓൻ ഉറുമി തേടിപ്പോയില്ലെങ്കിലെ, ഓന്റെ ഉറുമി ആ ചീരിക്കാടൻ തേടി നേടിയന്നിരിയ്ക്കും. അത് അരപ്പട്ടയാക്കി അവൻ അങ്കക്കളത്തിൽ ചാടി ഏറിയെന്നിരിയ്ക്കും. കാഹളം മുഴങ്ങുമ്പോൾ അതെടുത്ത് വാശിയിൽ വീശിയെന്നിരിയ്ക്കും. ഓന്റെ രക്തധമനി കീറാൻ ത്രസിച്ച് മുന്നേറിയെന്നിരിയ്ക്കും. ആ ഇരുതലമൂരി ഉറുമി ഓന്റെ ചോരപൊടിച്ചെന്നിരിയ്ക്കും. ആ ചോരപ്പാട് കോരപ്പുഴയായെന്നിരിയ്ക്കും. ആ രക്തപ്പുഴയെക്കുറിച്ച് പാടാനെനിയ്ക്ക് വയ്യ... വയ്യ''

ചന്തുച്ചേകവർ കൂടുതൽ വിഷണ്ണനായി, പാണരുടെ മുഖത്തേയ്ക്കൊന്ന് നോക്കി ശരിയെന്ന മട്ടിൽ തലകുലുക്കി. അപ്പോൾ കണ്ണീർ തുടച്ച് പാണർ മാറാപ്പ് തുറന്ന് അത് പുറത്തെടുത്തു. തിളക്കം നഷ്ടപ്പെട്ട ദൃഢതയുള്ള ഒരു പഴഞ്ചൻ ചുരിക.

''ഓനോട് ചോദിയ്ക്കാതെ ഞാനവിടെപ്പോയി ഇത് നേടിയെടുത്തു. കാളികാവിലെ ഒരു കൊല്ലക്കുടിയിൽ, കാട്ടാനക്കൂട്ടമുള്ള ഒരു കല്ലുവെട്ടിൽ, ഒരു കറുത്തവാവ് രാത്രിയിൽ. എല്ലാം അറിയുമെന്നോണം കൊല്ലനും കുടിയും അന്ന് ആരോ വരുമെന്ന് കണ്ട് വിളക്കണയ്ക്കാതെ കാത്തിരിയ്ക്കുകയായിരുന്നു.. ഉറുമിയുമായി..ഓന്റെ മരണമെഴുതിയ ഉറുമിയുമായി.''

ചന്തുച്ചേകവർ അതിശയത്തോടെ കൈനീട്ടി അത് വാങ്ങി. ഉറുമിയുടെ നീളത്തിലുടനീളം കണ്ണോടിച്ചു. പെട്ടന്ന് അത് തിളങ്ങി. മൂർച്ചവശങ്ങളിൽ ഇളംവെയില് തട്ടിയകണക്കെ മിന്നി; ഉടയോനെക്കണ്ട ഉത്സാഹത്തിലെന്നപോലെ. ചന്തുച്ചേകവർക്ക് ഒരായിരം അങ്കം ജയിച്ച ആഹ്ലാദം. നാലുകൊല്ലം ഉടലും ഉടയാടകളും തുരുമ്പെടുത്തെങ്കിലെന്ത് ?ഇനി ചാവേറുകണക്കെ അങ്കത്തട്ടിൽ അഴിഞ്ഞാടാം, നേർച്ചക്കോഴി കണക്കെ മാറ്റാനെ അരിഞ്ഞു വീഴ്ത്താം, കോരപ്പുഴയോളം ചോരപ്പുഴ ഒഴുക്കാം, ആനത്തലയോളം കിഴിപ്പണം വാങ്ങാം, ആർപ്പുവിളികളും ആചാരവെടികളും കേൾക്കാം, ദേവദാസിത്തൊടിയിൽ ആയിരം രാവുകളുറങ്ങാം, സപ്രമഞ്ചക്കട്ടിലിൽ കച്ചയഴിച്ചുവെച്ചുള്ള അങ്കങ്ങളാടാം, പരിചയുമായുള്ള പരിചയം ഇനി പരിചമുട്ടുകളിയിലൊതുക്കാം. അഹ്ലാദത്തിമിർപ്പിൽ ചേകവർ നാലുകെട്ടിന്റെ നടുവിലൂടെ ഓടി, കിടപ്പറയിലെ കരിവീട്ടി കട്ടിലിലൂടെ, കുളക്കടവിന്റെ കരയിലൂടെ, കളരിയുടെ കിളിവാതിലിലൂടെ, പടിപ്പുരയുടെ പടവുകളിലൂടെ തളരുവോളം ഓടി. ഒരു പുതുജീവന്റെ ആരംഭമാണ്, മരണമൊടുക്കിയുള്ള ജീവിതാരംഭം. വെറ്റിലയിൽ താംബൂലം തേച്ചപ്പോൾ ഉത്സവലഹരിയിൽ കഞ്ചാവ് പൊടികൂടെ ചാലിച്ചു. വീരാളിപ്പട്ട് കൊടിക്കൂറ കണക്കെ പായിച്ച് തളരുവോളം പുലരുവോളം ഓടി.

പടിപ്പുരയിൽ തളർന്നു വീണ ചേകവർ മുറ്റമടിയ്ക്കുന്ന ശബ്ദം കേട്ടാണ് ഉണർന്നത്. ഇമ മെല്ലെ തുറന്നപ്പോൾ ഒരു ശൂന്യത- ഉറുമി കാണാനില്ല. ചന്തുച്ചേകവർ നാലുകെട്ടാകെ പരതി പതറി. രാവിൽ മദിച്ചോടിയ വഴിതേടി ഓടി. ഉറുമി അവിടെയും കാണാനില്ല. മുറ്റമടിയ്ക്കുന്ന കുങ്കി മടിയിലൊതുക്കിയോ, ശിഷ്യൻമാർ കണ്ടെടുത്ത് അരപ്പട്ടയിലൊതുക്കിയോ, ചാരന്മാർ കണ്ടുകടത്തിയോ, ഉറുമിയും ശത്രുപാളയത്തിൽ ഒളിഞ്ഞേറിയോ, ചീരിക്കാടന്റെ ആയുധമായി മാറിയോ.

പരിഭ്രാന്തി ചേകവരെ അരഭ്രാന്തനാക്കി. ശിഷ്യഗണത്തിന്റേയും പാറാവുകാരുടേയും ആയുധങ്ങൾ വാങ്ങി പരതി. അതിലുമില്ല തന്റെ നിണമണിയാനുള്ള ഉറുമി.

അങ്കപ്പുറപ്പാടിനുള്ള ആരവമായി. പാണരെത്തി, പരിവാരമെത്തി, പട്ടുടയാടകളൊരുക്കി. പക്ഷെ ചേകോൻ ഉമ്മിക്കിരിവെള്ളം പോലുമെടുത്തിട്ടില്ല, എരുഭാഗക്കഞ്ഞി കുടിച്ചിട്ടില്ല. കുഴഞ്ഞ് വീണ ചേകവർ പാണരോട് മൊഴിഞ്ഞു, '' ഈ അങ്കത്തിന് ഞാനില്ല പാണരെ! പണക്കിഴി തിരികെ കൊടുത്തേര്, പിന്മാറ്റക്കുറിയോല അയച്ചേര്.'' പാണര് ഞെട്ടി. വേളിയ്ക്കുമുമ്പ് വിരണ്ട വരനെപ്പോലെയായി ചേകവർ.

''ചന്തുചേകവർ അങ്കത്തിൽ നിന്ന് പിന്മാറുകയോ? എന്ത് ഭ്രാന്താണ് ചേകവരെ. നഗരിതലയ്ക്കൽ നാലുംകൂടി വഴിയിൽ നാല് വിശ്വകർമ്മജർ തീർത്ത നല്ലോരു തട്ട്. നാടുവാഴിയും നാട്ടാരും നോക്കി നോറ്റിയിരിയ്ക്കുന്ന അങ്കം. അങ്കം ചേകവരുടെ ധർമ്മമാണ്, കർമ്മമാണ്; പാണർക്ക് പാട്ടുപോലെ. ~~ചന്തുച്ചേകവരാണ് പാട്ട്.~~ അങ്കപ്പുലരി ച്ച പിന്നോട്ട് കാൽവെച്ച ഒരു ചേകവരെക്കുറിച്ച് പാടാൻ ഈ പാണർക്ക് വയ്യ. വരൂ ധീരാ ! എന്റെ പാട്ടിന്റെ വരികൾ ഞാൻ കുറിച്ചുകഴിഞ്ഞു, താളം

(next page)